നഗരങ്ങളിൽ കംഫർട്ട് സ്റ്റേഷൻ

98 (3301) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ആർ . സെൽവരാജ് :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ കംഫർട്ട് സ്റ്റേഷൻ ആരംഭിക്കാൻ കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നഗരപ്രദേശങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷൻ ആരംഭിക്കുന്നതിന് തൻവർഷം മുതൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിലേക്ക് നഗരസഭകൾ തയ്യാറാക്കി സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് അനുമതിയും അർഹമായ സാമ്പത്തിക സഹായവും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ശുചിത്വ മിഷൻ മുഖേന അനുവദിച്ച് നൽകുവാൻ കഴിയും. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയിൽ പബ്ലിക് ടോയ്ലെറ്റുകൾ ഒരു ഘടകമാണ്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തൻവർഷം സംസ്ഥാന പ്ലാനിൽ തുക വകയിരുത്തിയിട്ടുണ്ട്. സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയുടെ സംസ്ഥാന പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

നഗരങ്ങളിൽ എല്ലാവർക്കും വീട്

99 (3302) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ എല്ലാവർക്കും വീട് എന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം നഗരസഭകളെയാണ് പ്രസ്തുത പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നഗരസഭകളെ തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. എല്ലാവർക്കും ഭവനം 2022 (പ്രധാനമന്ത്രി ആവാസ് യോജന) പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രാഥമിക ഘട്ടത്തിൽ 14 നഗരസഭകളെ തെരഞ്ഞെടുത്തിട്ടുണ്ട്. 2017-ഓടുകൂടി എല്ലാ നഗരസഭകളെയും പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൊടുപുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കൽപ്പറ്റ, കാസർഗോഡ് എന്നീ നഗരസഭകളെയാണ് പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുത്തിരിക്കുന്നത്.

(സി) സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളെയോ ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരങ്ങളെയോ ആണ് ആദ്യഘട്ടത്തിൽ പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇടുക്കി ജില്ലയിലെ ഏക നഗരസഭയായ തൊടുപുഴ നഗരസഭയെയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നഗരങ്ങളിൽ എല്ലാവർക്കും വീട്

100 (3303) ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. വി. റ്റി. ബൽറാം:
ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ എല്ലാവർക്കും വീട് എന്ന പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി)

(1) സ്വന്തമായി സ്ഥലമുള്ള എന്നാൽ ഭവനരഹിതമായിട്ടുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന (3 ലക്ഷത്തിൽ താഴെവാർഷികവരുമാനമുള്ളവർ)/താഴ്ന്ന വരുമാനമുള്ള (3-6 ലക്ഷം രൂപവരെ വാർഷികവരുമാനമുള്ളവർ) കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന (ഇ.ഡബ്ല്യു.എസ്.)